മുടപ്പല്ലൂർ - മംഗലം ഡാം റോഡിന്റെ നിർമ്മാണം

324 (1358) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ മുടപ്പല്ലൂർ-മംഗലം ഡാം റോഡിന്റെ നിർമ്മാണം പാതിവഴിയിൽ നിർത്തിവച്ചിട്ട് വർഷങ്ങളായി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) പ്രസ്തുത റോഡിന്റെ പണി പുനരാരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ :

(സി) ഉണ്ടെങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(ഡി) പണി പൂർത്തീകരിക്കാനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) ആലത്തൂർ നിയോജക മണ്ഡലത്തിലെ മുടപ്പല്ലൂർ-മംഗലം ഡാം റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്ന M/s. Able Group Trading Contractors എന്ന സ്ഥാപനത്തെ, 2 തവണ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടും പണി പൂർത്തിയാക്കാത്തതിനാൽ നഷ്ടപ്പാത്തവാദിത്തത്തിൽ 21-1-2014-ൽ കരാറിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. പ്രവൃത്തി പുനരാരംഭിക്കുന്നതിന് വേണ്ടി വീണ്ടും ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

പാപ്പിനിശ്ശേരി-പിലാത്തറ കെ.എസ്.ടി.പി. റോഡ്

325 (1359) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാപ്പിനിശ്ശേരി-പിലാത്തറ കെ.എസ്.ടി.പി. റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ ; എത്ര ശതമാനം പ്രവൃത്തി നിലവിൽ പൂർത്തിയായിട്ടുണ്ട് ; രാമപുരത്ത് പുതിയ പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) പാപ്പിനിശ്ശേരി-താവം റെയിൽവേ മേൽപ്പാലങ്ങളുടെ പ്രവൃത്തി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പിലാത്തറ-പാപ്പിനിശ്ശേരി റോഡിന്റെ കലുങ്കുകൾ, ഇരുവശത്തുമുള്ള ഓട, സംരക്ഷണ ഭിത്തികൾ, പിലാത്തറ, താവം റെയിൽവേ ഓവർ ബ്രിഡ്ജുകൾ, റോഡ് നിർമ്മാണം എന്നീ പ്രവൃത്തികൾ നടന്നുവരുന്നു. ടി റോഡിന്റെ 26 ശതമാനം പ്രവൃത്തികൾ നിലവിൽ പൂർത്തിയായിട്ടുണ്ട്. രാമപുരത്ത് നിർമ്മിക്കുന്ന പുതിയ പാലത്തിന്റെ ഡിസൈനും ഡ്രോയിങ്ങും കൺസൾട്ടന്റ് തയ്യാറാക്കി കരാറുകാരന് നൽകിയിട്ടുണ്ട്.

(ബി) താവം, പാപ്പിനിശ്ശേരി എന്നീ മേൽപ്പാലങ്ങളുടെ പ്രവൃത്തികൾ വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 2016 മാർച്ചിൽ പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

കരാറുകാർക്ക് നൽകാനുള്ള തുക

326 (1360) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് നൽകാനുള്ള തുക എത്രയെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

കരാറുകാർക്ക് നൽകാനുള്ള തുക ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

(രൂപ ലക്ഷത്തിൽ)

ക്രമ നമ്പർ	ജില്ലയുടെ പേര്	കെട്ടിട വിഭാഗം	ദേശീയപാതാ വിഭാഗം	നിരത്തുകളും പാലങ്ങളും വിഭാഗം
(1)	(2)	(3)	(4)	(5)
1.	തിരുവനന്തപുരം	9015.39	682.61	8580.00
2.	കൊല്ലം	2217.36	123.26	5796.00
3.	പത്തനംതിട്ട	1760.80	-	5885.00